# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 637 11.06.2013- ൽ മറുപടിക്ക്

### ഉദുമയിലെ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം ഈ സർക്കാർ അധികാരത്തിൽ വന്നതോടെ സ്തംഭനാവസ്ഥയിലാകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ നടപ്പിലാക്കിയ ഉദുമ ടെക്സ്റ്റൈൽ മില്ലിൽ ഇതുവരേയും വ്യവസായടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മില്ലിലേയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്. പ്രസ്തുത കേസുകളിൽ അന്തിമവിധി വന്നതിന് ശേഷം മാത്രമേ ടി മില്ലിൽ നിയമനം നടത്തുവാനും പ്രവർത്തനം ആരംഭിക്കുവാനും സാധിക്കുകയുള്ളൂ. |
| (ബി) | ഈ സ്ഥാപനത്തിൽ നിന്നുള്ള ഉൽപാദനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ജീവനക്കാരുടെ നിയമനം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ